ഹയർ സെക്കണ്ടറി അദ്ധ്യാപക സ്ഥലംമാറ്റം

19(* 109) ശ്രീ. സാജു പോൾ :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. കെ. സുരേഷ് കറുപ്പ് :

ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി അദ്ധ്യാപക സ്ഥലംമാറ്റ ഉത്തരവിൽ ക്രമക്കേട് നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അദ്ധ്യാപക സ്ഥലംമാറ്റത്തിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; സ്ഥലംമാറ്റ ഉത്തരവിറക്കിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഒരു സ്കൂളിലെ ഒരേ തസ്തികയിലേക്ക് ഒന്നിലധികം അദ്ധ്യാപകരെ നിയമിക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടോ;

(ഡി) സ്ഥലംമാറ്റത്തിനു പിന്നിൽ കോഴ ഇടപാട് നടന്നതായ ആരോപണം ഉയർന്നിട്ടുണ്ടോ; ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ;

(ഇ) തെരഞ്ഞെടുപ്പ് ചട്ടം മറികടന്ന് സ്ഥലംമാറ്റ ഉത്തരവ് ഇറങ്ങാനിടയായ സാഹചര്യമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) അദ്ധ്യയനവർഷത്തിന്റെ മദ്ധ്യത്തിൽ നടത്തിയ അദ്ധ്യാപകരുടെ സ്ഥലംമാറ്റം വിദ്യാർത്ഥികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഓൺലൈനായാണ് ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ പൊതു സ്ഥലമാറ്റത്തിന് അപേക്ഷ ക്ഷണിച്ചത്. ഹയർ സെക്കണ്ടറി ഡയറക്ടറുടെ 21-9-2015-ൽ പുറപ്പെടുവിച്ച ഹയർസെക്കണ്ടറി അദ്ധ്യാപരുടെ സ്ഥലമാറ്റ ഉത്തരവിൽ ചില അപാകതകളും/പിശകുകളും കടന്നുകൂടിയതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 29-9-2015-ലെ 52982/യു1/15/പൊ.വി. കത്ത് പ്രകാരം ടി സ്ഥലമാറ്റ ഉത്തരവ് സർക്കാർ മരവിപ്പിക്കുകയുണ്ടായി.

(ബി) ഉണ്ട്. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ പൊതു സ്ഥലമാറ്റം സർക്കാർ മാനദണ്ഡങ്ങൾപ്രകാരം നടത്തുവാനുള്ള അധികാരം ഹയർസെക്കണ്ടറി ഡയറക്ടറിൽ നിക്ഷിപ്തമാണ്. 27-5-2009-ലെ സ.ഉ. (പി.) 115/2009/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലംമാറ്റം നടത്തിയിരുന്നത്. പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾ അപര്യാപ്തമായതിനാൽ ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ 27-5-2015-ലെ സ.ഉ. (പി) നമ്പർ 143/15/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ക്രോഡീകരിച്ച് ഭേദഗതി ചെയ്യപ്പെട്ടു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സ്ഥലംമാറ്റ ഉത്തരവിറക്കിയത്.

(സി) സർക്കാർ മരവിപ്പിച്ച ഹയർസെക്കണ്ടറി ഡയറക്ടറുടെ 21-9-2015-ലെ സ്ഥലംമാറ്റ ഉത്തരവിൽ, ഇപ്രകാരം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിൽ ഇത് സംബന്ധിച്ച വാർത്തകൾ ഉണ്ടായിരുന്നു. ആയത് പരിശോധിക്കാൻ ഹയർ സെക്കന്ററി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) തെരഞ്ഞെടുപ്പ് ചട്ടം മറികടന്നുകൊണ്ട് ഹയർ സെക്കണ്ടറി വകുപ്പിൽ സ്ഥലംമാറ്റം ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(എഫ്) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ പൊതുസ്ഥലം മാറ്റം സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം നടത്തുവാനുള്ള അധികാരം ഹയർ സെക്കണ്ടറി ഡയറക്ടറിൽ നിക്ഷിപ്തമാണ്. കഴിഞ്ഞ രണ്ട് അക്കാദമിക് വർഷങ്ങളിൽ വിവിധ കാരണങ്ങളാൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പൊതുസ്ഥലമാറ്റം നടന്നിരുന്നില്ല. പൊതുസ്ഥലമാറ്റം നടക്കാതിരുന്നതിനാൽ വർഷങ്ങളായി വടക്കൻ ജില്ലകളിൽ ജോലി ചെയ്യുവരുന്ന അർഹതയുണ്ടായിട്ടും സ്ഥലംമാറ്റം ലഭിക്കാത്ത വനിതകൾ ഉൾപ്പെടെയുള്ള നിരവധി അദ്ധ്യാപകരുടെ പ്രയാസങ്ങൾ കണക്കിലെടുത്താണ് പൊതുസ്ഥലംമാറ്റം ഈ വർഷം നടത്താൻ തീരുമാനിച്ചത്. എന്നാൽ മധ്യവേനൽ അവധി കഴിഞ്ഞുള്ള സ്ഥലംമാറ്റത്തെ ചോദ്യം ചെയ്തുകൊണ്ട് ഒരുകൂട്ടം അദ്ധ്യാപകർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ മധ്യവേനൽ അവധിക്കാലത്ത് ആയിരിക്കണം സ്ഥലംമാറ്റം നടത്തേണ്ടത് എന്ന സ്ഥലംമാറ്റ മാനദണ്ഡത്തിലെ Clause 1 വ്യവസ്ഥ ഈ വർഷത്തെ സ്ഥലംമാറ്റത്തിന് ബാധകമാക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിക്കുകയും ആയത് ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് 21-9-2015-ൽ ഹയർ സെക്കന്ററി ഡയറക്ടർ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചത്. ടി ഉത്തരവ് പ്രകാരം 1127 അദ്ധ്യാപകർക്ക് സ്ഥലംമാറ്റം നൽകിയതിൽ 75 ശതമാനം അദ്ധ്യാപകർ ഇതിനോടകം ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞു. എന്നാൽ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാലും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഇതുസംബന്ധിച്ച ഇടക്കാല ഉത്തരവുകൾ ഉണ്ടായിരുന്നതിനാലും സ്ഥലംമാറ്റം ലഭിച്ച് വിടുതൽ ചെയ്യപ്പെട്ട അദ്ധ്യാപകരുടെ ഒഴിവുകളിൽ പകരം നിയമനം നടത്താൻ യഥാസമയം കഴിഞ്ഞില്ല. ഇപ്പോൾ ഇതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly